# കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് പുതിയ സദാചാര സംഹിത

ഭാരതസ്ത്രീകൾ എങ്ങനെ ചിന്തിക്കണം, എങ്ങനെ പെരുമാറണം, എന്തു പറയുകയും ചെയ്യുകയും വേണം എന്നൊക്കെയുള്ളതിന് ഉത്തമമാതൃകകളാവേണ്ടതല്ലേ. സംസ്കാരത്തിന്റെ ഉത്പാദനകേന്ദ്രമായ സർവ്വകലാശാലയിലെ വിദ്യാർത്ഥിനികളും ജീവനക്കാരികളും. അതുകൊണ്ട്, ഇന്ത്യയുടെ മൊത്തം സദാചാരനിലവാരം ഉയർത്താനും ഉത്തമസ്ത്രീമാതൃക മുന്നോട്ട് വെക്കാനും കാലിക്കറ്റ് സർവ്വകലാശാലക്ക് വൈരുധ്യാധിഷ്ഠിതവും ഭൗതികപരവുമായ ബാധ്യതയുണ്ടല്ലോ. ഈ ബാധ്യത നിറവേറ്റാൻ സർവ്വകലാശാലാ വൈസ് ചാൻസലറടക്കം ഉന്നതാധികാരികളും ധാർമ്മികവിഷയത്തിൽ തൽപരരായ വലിയൊരു വിഭാഗംജീവനക്കാരും മുന്നോട്ടിറങ്ങിയതാണ് ഇക്കുറി യൂണിവേഴ്സിറ്റിയെപ്പറ്റിയുണ്ടായ അടിസ്ഥാനരഹിതമായ പരാതി.

സർവ്വകലാശാലയിലെ ഒരു ജീവനക്കാരിക്ക് ബസ്യാത്രക്കിടയിൽ നേരിടേണ്ടിവന്ന അപമാനശ്രമത്തെ തുടർന്നാണ് യൂണിവേഴ്സിറ്റിയുടെ മൊത്തം ധാർമ്മികത സടകുടഞ്ഞെഴുന്നേറ്റത്. കോഴിക്കോടുനിന്ന് യൂണിവേഴ് സിറ്റിയിലേക്കുള്ള യാത്രക്കിടയിൽ ബസ്സിൽവെച്ച് ഒരാൾ അപമാനിക്കാൻ ശ്രമിച്ചു. തുടർന്ന് ഇവർ പോലീസിൽ പരാതി നൽകി. രണ്ടുമൂന്നു തെറ്റുകളാണ് ജീവനക്കാരിയുടെ ഭാഗത്തുനിന്നുണ്ടായത്. ഒന്നാമതായി, സ്ത്രീകൾ ആവശ്യമില്ലാതെ ബസ്സിൽ അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്യുന്നതേ തെറ്റ്. അതും സന്ധ്യ കഴിഞ്ഞ്. സ്ത്രീകൾ അടങ്ങിയൊതുങ്ങി വീട്ടിൽ ഇരിക്കേണ്ട സമയത്ത് എന്തിനു യാത്രചെയ്യാൻ പോയി ? ഇനി, ഒരാൾ ബസിൽവെച്ച് എന്തെങ്കിലും തരത്തിൽ അപമാനിക്കാൻ ശ്രമിച്ചാൽത്തന്നെ ഇതിലെന്തിന് ക്ഷുഭിതയാവാൻ നിൽക്കുന്നു? ഇതൊക്കെ സാധാരണ സംഭവമല്ലേ? ആരെങ്കിലും പരാതിപ്പെടുമോ, സ്വതേ തന്നെ? പിന്നെ അസമയത്ത് പോലീസ് സ്റ്റേഷനിൽ പോവുക, ബസ്സ് പിടിച്ചിടാൻ ആവശ്യപ്പെട്ട് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുക, ഒരു പാവം ചെറുപ്പക്കാരനെ പ്രതിയാക്കി സ്റ്റേഷനിൽ കയറ്റുക-എന്തൊരു നാണക്കേട്. സ്ത്രീകളിങ്ങനെ അധഃപതിച്ചാലോ? ആണുങ്ങളല്ലേ, ഇങ്ങനെയൊക്കെയുണ്ടാവുമെന്നുകരുതി കണ്ണടച്ചേക്കണം. യാത്രചെയ്യാതെ മര്യാദക്ക് വീട്ടിലൊതുങ്ങിയിരുന്നെങ്കിൽ, യാത്രചെയ്യുമ്പോൾ വീട്ടിലെ പുരുഷൻമാരെ തുണക്കുകൂട്ടുകയെങ്കിലും ചെയ്തിരുന്നെങ്കിൽ ഇതുവല്ലതും വരുമായിരുന്നോ? അതും പോട്ടെ, ഇത്രയൊക്കെ കാണുമ്പോൾ ചിലപ്പോൾ സർവ്വകലാശാലയിലെ ധാർമ്മിക തൽപരരായ ജീവനക്കാരുടെ, പ്രത്യേകിച്ച് സർവ്വമംഗളകാരിയായ ചുകന്നപ്രത്യയശാസ്ത്രത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന യൂണിയൻ പ്രവർത്തകരായ ജീവനക്കാരുടെ സദാചാരബോധം ഉണർന്നെണീക്കില്ലേ? അതിലെന്ത് തെറ്റ്? ഇങ്ങനെയുള്ള ഒരു ജീവനക്കാരിക്കെതിരെ മറ്റ് ജീവനക്കാരിൽ ബോധവൽക്കരണ പ്രവർത്തനം നടത്തിയില്ലെങ്കിൽ അത് പ്രത്യയശാസ്ത്രപരമായി ഒരു വർഗ്ഗവഞ്ചനയാവുമെന്ന് ഉറപ്പുള്ളതുകൊണ്ടാവണം, ഈ ജീവനക്കാരിക്കെതിരെ പ്രചരണം നടത്തിയത്.

ഉത്തമസ്ത്രീ മാതൃക മുന്നോട്ടുവെക്കാനുള്ള ബാധ്യത തീർച്ചയായുമുണ്ടല്ലോ-അതിന് കടകവിരുദ്ധമായി പെരുമാറുന്നവരെ ചിലപ്പോൾ ,അന്തിപ്പത്രങ്ങളിലൂടെ തുറന്നുകാണിക്കേണ്ടിവരും. അത്രയേ ചെയ്തുള്ളു, യൂണിവേഴ്സിറ്റിയിലെ നേതാക്കളിൽ ചിലർ. എന്തായാലും നിങ്ങൾ പറയുന്ന ബൂർഷ്വാപത്രങ്ങൾക്ക് ആ ഒരു വൃത്തികെട്ട സ്വഭാവമുണ്ടല്ലോ. അതുകൊണ്ടാണ് അന്തിപ്പത്രങ്ങളെ മാത്രം ആശ്രയിക്കേണ്ടിവന്നത്. അതും പോട്ടെ എന്നുവക്കാം, ഇതിനെതിരെ പരാതികൊടുക്കാൻ ഈ ജീവനക്കാരി ധൈര്യപ്പെട്ടാലോ? സ്വന്തം കുറ്റം കൊണ്ട് കുഴപ്പത്തിൽ ചെന്നുചാടി. പോകട്ടെ. നല്ല കാര്യങ്ങൾ, അതും പ്രത്യയശാസ്ത്രപരമായിമായിതന്നെ ഒരു വിപ്ലവസംഘടന പ്രചരിപ്പിക്കുമ്പോൾ അതിനു കീഴ്‌വഴങ്ങാതെ സുപ്രീം കോടതി അങ്ങനെ പറഞ്ഞു, ഇങ്ങനെ പറഞ്ഞു എന്നൊക്കെ പറഞ്ഞ് അധികാരികൾക്ക് പരാതികൊടുക്കുന്നത് പ്രോത്സാഹിപ്പിക്കണോ? സ്ത്രീപീഡനവും പുരുഷപീഡനവും ഒക്കെ ഒന്നു തന്നെ എന്നാണ് സാമൂഹികാസമത്വം ഇല്ലാതാക്കണമെന്ന് വാദിക്കുന്ന ചുകപ്പു യൂണിയൻ അടിയുറച്ചുവിശ്വസിക്കുന്നത് എന്തായാലും വിഖ്യാത ചരിത്രകാരൻ കൂടിയായ വൈസ്ചാൻസ്‌ലർക്ക്, ധാർമ്മികബോധം അവശേഷിച്ചിട്ടുണ്ട് എന്നത് മഹാഭാഗ്യം. സ്വന്തം ഓഫീസിലെ ജീവനക്കാരനെതിരെ, അതും സദാചാരതത്പരനായ, ധാർമ്മിക കാര്യങ്ങളിൽ ബോധവത്കരണംനടത്തി എല്ലാവരേയും സദാചാരതത്പരാക്കുക എന്ന ലക്ഷ്യം വച്ച് പ്രവർത്തിച്ച നിഷ്കളങ്കനായ ഒരാൾക്കെതിരെ അധികാരികൾക്ക് പരാതികൊടുത്ത ഇവരെ പൊറുപ്പിക്കുമോ? തീർച്ചയായും പാടില്ല. അതുകൊണ്ടുതന്നെയാണ്, പരാതിക്കാരിക്ക് കുറ്റാരോപണ മെമ്മോ നൽകുക എന്ന നടപടി വൈസ്ചാൻസലർ സ്വീകരിക്കാനൊരുങ്ങിയത്. ഇത് മണത്തറിഞ്ഞ പരാതിക്കാരി, തികച്ചും അധാർമ്മികമായി ചില ബാഹ്യശക്തികളെ കൂട്ടുപിടിച്ച് ഇത് പിൻവലിച്ചു എന്നതും ഇവർക്ക് കുറ്റബോധമേതുമില്ല എന്നത് തെളിയിക്കുന്നു.

ഈ പ്രശ്നം എന്തായാലും ഇങ്ങനെ വിടാൻ തീരുമാനിച്ചിട്ടില്ല. ഇനിയുമുണ്ടല്ലോ കുറ്റവാളികൾ. യു.ജി.സി.യുടെ കീഴിലുമുണ്ട് ഒന്ന്. ഈ പ്രശ്നം അങ്ങോട്ടുവിടാം - അവിടെയാണെങ്കിൽ പ്രത്യയശാസ്ത്രവ്യാപൃതരും ചുകന്ന സംഘടനയിൽ തൽപരരുമായ നിരവധി സദാചാരകുതുകികളുണ്ടല്ലോ. അവർ ഏറ്റെടുക്കട്ടെ. അങ്ങനെ സ്ത്രീകളുടെ മൊത്തം സദാചാരം വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ മാനങ്ങളിലേക്കുയരട്ടെ.

ശോഭ